**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 261** **13-07-2022 - ൽ മറുപടിയ്ക്ക്**

**റോഡുകളിലെ അറ്റകുറ്റപ്പണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡുകളിൽ ശരിയായ രീതിയിൽ അറ്റകുറ്റപ്പണി നടത്താത്തതുമൂലം അപകടങ്ങൾ കൂടിയ സാഹചര്യത്തിൽ യുദ്ധകാല അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണി പൂർത്തിയാക്കണമെന്ന് കേരള ഹൈക്കോടതി നിർദ്ദേശിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുവാൻ കൂടുതൽ പുതിയ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. സമയബന്ധിതമായി റോഡുകളിലെ കുഴികളടച്ച് ഗതാഗതയോഗ്യമാക്കുന്നതിന് "റണ്ണിംഗ് കോൺട്രാക്ട്" മുഖേന രണ്ടു ഘട്ടങ്ങളിലായി 302.286 കോടി രൂപ അനുവദിക്കുകയും പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. റണ്ണിംഗ് കോൺട്രാക്ട് ഭാവിയിലും ഏറെ ഗുണപ്രദമാകുന്നതാകും. അറ്റകുറ്റപ്പണി പൂർത്തിയാക്കാത്ത ചില റോഡുകളിലെ അറ്റകുറ്റപ്പണി പൂർത്തിയാക്കണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. ഹൈക്കോടതി നിർദ്ദേശിച്ച റോഡുകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. റോഡുകൾ ഗതാഗതയോഗ്യമാക്കി പരിപാലിക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | സംസ്ഥാനത്ത് അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുവാൻ കൂടുതൽ പുതിയ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. സമയബന്ധിതമായി റോഡുകളിലെ കുഴികളടച്ച് ഗതാഗതയോഗ്യമാക്കുന്നതിന് "റണ്ണിംഗ് കോൺട്രാക്ട്" മുഖേന രണ്ടു ഘട്ടങ്ങളിലായി 302.286 കോടി രൂപ അനുവദിക്കുകയും പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. റണ്ണിംഗ് കോൺട്രാക്ട് ഭാവിയിലും ഏറെ ഗുണപ്രദമാകുന്നതാകും. അറ്റകുറ്റപ്പണി പൂർത്തിയാക്കാത്ത ചില റോഡുകളിലെ അറ്റകുറ്റപ്പണി പൂർത്തിയാക്കണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. ഹൈക്കോടതി നിർദ്ദേശിച്ച റോഡുകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. റോഡുകൾ ഗതാഗതയോഗ്യമാക്കി പരിപാലിക്കാൻ |

| | | | |
|---|---|---|---|
| | | | എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (സി) | സുരക്ഷ നടപടികൾ ഉറപ്പ് വരുത്താൻ കരാറുകാർക്ക് ഉത്തരവാദിത്തമുണ്ടെങ്കിൽ എല്ലാ വർക്ക് സൈറ്റിലും അവ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എഞ്ചിനീയർമാർക്കും മറ്റ് സൂപ്പർവൈസിംഗ് അധികാരികൾക്കും ബാധ്യതയുണ്ടെന്ന കോടതിയുടെ നിരീക്ഷണം ഗൗരവമായി കാണുന്നുണ്ടോ; | (സി) | **എല്ലാ വർക്ക് സൈറ്റിലും സുരക്ഷാനടപടികൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ എഞ്ചിനീയർമാർക്കും മറ്റ് സൂപ്പർവൈസിംഗ് അധികാരികൾക്കും ഉത്തരവാദിത്തമുണ്ട്. റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം നടക്കുന്ന മേഖലകളിൽ പാലിക്കേണ്ട സുരക്ഷാ സംവിധാനങ്ങളെ സംബന്ധിച്ച മാനദണ്ഡങ്ങൾ IRC SP55-2014-ൽ നിഷ്കർഷിച്ചിട്ടുണ്ട്. നിർമ്മാണ മേഖലകളിലെ തൊഴിലാളികളുടെയും കാൽനടയാത്രക്കാരുടെയും, വാഹന ഉപഭോക്താക്കളുടെയും സുരക്ഷിതത്വത്തിന് സ്വീകരിക്കേണ്ട നടപടികൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നിർമ്മാണ മേഖലകളിൽ കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിൽ സ്വീകരിക്കേണ്ട സുരക്ഷാ ക്രമീകരണങ്ങളെ സംബന്ധിച്ച് കരാർ വ്യവസ്ഥയുടെ ഭാഗമായുള്ള Standard Bid Document-ൽ പരമാർശിച്ചിട്ടുണ്ട്. പ്രസ്തുത സുരക്ഷാ സംവിധാനങ്ങളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതും ആയവ പ്രസ്തുത നിർമ്മാണത്തിന് അനുയോജ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. നിർമ്മാണ മേഖലകളിൽ പ്രത്യേകിച്ച് രാത്രികാലങ്ങളിൽ Visibility ഉറപ്പ വരുത്തുന്നതിനായുള്ള വെളിച്ചത്തിനുള്ള ക്രമീകരണങ്ങളും കോൺട്രാക്ടർ ഉറപ്പ വരുത്തണം. നിരത്തു വിഭാഗം ചീഫ് എഞ്ചിനീയറുടെ 05.11.2019-ലെ കത്ത് നം. GL(Tech)/CE/R&B/RSW/2018-111 പ്രകാരം നിർമ്മാണ മേഖലകളിൽ പാലിക്കേണ്ട വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പൊതുമരാമത്ത് വകുപ്പിലെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിലെ നിർമ്മാണ മേഖലകളിൽ സുരക്ഷാ സംവിധാനം ഒരുക്കുന്നത് സംബന്ധിച്ച് കർശനമായ മാർഗ്ഗനിർദ്ദേശങ്ങൾ 08/06/2022-ലെ സർക്കുലർ നം.CEPWD/12100/2020-Vig4.ADപ്രകാരം പൊതുമരാമത്ത് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ പുറപ്പെടുവിച്ചിട്ടുണ്ട്. 2012-ലെ പുതുക്കിയ പി.ഡബ്ല്യൂ.ഡി മാന്വലിൽ ക്ലോസ് 2107, 2407.23, അപ്പന്റിക്സ് 2100, സെക്ഷൻ 1000 എന്നിവയിൽ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കേണ്ടതിനെക്കുറിച്ച് പറയുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് മാന്വലിലും, SBD-യിലും** |

| | | | |
|---|---|---|---|
| | | | **നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുവാൻ 19.06.2022-ലെ CEPWD/6729/2022/AB3-BR സർക്കുലർ മുഖേന പാലങ്ങൾ വിഭാഗത്തിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.**<br><br>**പ്രസ്തുത സർക്കുലറുകളിലേയും പൊതുമരാമത്ത് വകുപ്പ് മാന്വലിലെയും നിർദേശങ്ങൾ നിർമ്മാണ മേഖലകളിൽ പാലിക്കുന്നുണ്ടോ എന്ന് ബന്ധപ്പെട്ട ഓഫീസർ ഉറപ്പ് വരുത്തേണ്ടതും ആയതിൽ വീഴ്ച വരുത്തിയാൽ ഡിപ്പാർട്ടുമെന്റ്തല നടപടിക്രമങ്ങൾക്ക് വിധേയരാകുന്നതുമാണ്.**<br><br>**സുരക്ഷാ മുൻകരുതലുകൾ ഏർപ്പെടുത്തുന്നതിൽ കരാറുകാരന്റെ ഭാഗത്ത് നിന്നുമുള്ള അനാസ്ഥയ്ക്ക് പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം പ്രവൃത്തി നിർത്തി വയ്ക്കുന്നതിനും, എഗ്രിമെന്റ് റദ്ദാക്കി പ്രവൃത്തിയിൽ നിന്നും ഒഴിവാക്കുന്നതിനും തുടങ്ങി കുറ്റകൃത്യത്തിന്റെ ഗുരുതര സ്വഭാവത്തിന്റെ അടിസ്ഥാനത്തിലാണ് തുടർനടപടി സ്വീകരിക്കുന്നത്. സൈറ്റുകളിലെ മേൽനോട്ടവുമായി ബന്ധപ്പെട്ട് Technology-യെ ഫലപ്രദമായി ഉപയോഗിക്കുവാൻ ആലോചിക്കുന്നുണ്ട്.** |
| (ഡി) | കുളിമാടിലും തൃപ്പൂണിത്തുറയിലും നടന്ന സംഭവങ്ങളിൽ ഇത് നടപ്പിലാക്കുന്നതിൽ വീഴ്ച പറ്റി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | **കുളിമാടിലും തൃപ്പൂണിത്തുറയിലും നടന്ന സംഭവങ്ങളിൽ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ